I/68270/2023

ഭരണഭാഷ- മാതൃഭാഷ

നം.TRY/4846/2023-E1

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 24-11-2023

പ്രേഷകൻ

ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

ട്രാൻസ്പോർട്ട് കമ്മീഷണർ
മോട്ടോർ വാഹന വകുപ്പ്
തിരുവനന്തപുരം, പിൻ-695 014

സർ,

വിഷയം: ട്രഷറി വകുപ്പ്-മാന്വൽ ആയി അടച്ച വാഹന നികുതി തുക റീഫണ്ട് ചെയ്യുന്നത്-സംബന്ധിച്ച്.

സൂചന : താങ്കളുടെ 09/10/2023-ലെ ബി3/113/ടി.സി നമ്പർ കത്ത്.

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. ഓൺലൈൻ സംവിധാനം നിലവിൽ വരുന്നതിന് മുൻപ് നികുതി അടച്ച വാഹനങ്ങളുടെ റീഫണ്ട് അപേക്ഷകൾ തീർപ്പാക്കുന്നതിന് വൈഷമ്യങ്ങൾ നേരിടുന്നതായും ആയതിനാൽ ഓൺലൈൻ സംവിധാനം നിലവിൽ വരുന്നതിന് മുൻപ് അടച്ച തുകകൾ റീഫണ്ട് ചെയ്ത് നൽകുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ അറിയിക്കണമെന്നും സൂചന പ്രകാരം താങ്കൾ അഭ്യർത്ഥിച്ചിരുന്നു.

ഓൺലൈൻ സംവിധാനം നിലവിൽ വരുന്നതിന് മുൻപ് അടച്ച വാഹന നികുതി തുകകൾ റീഫണ്ട് ചെയ്യുന്നതിനായി തുക റീഫണ്ട് ചെയ്യുന്നതിനുള്ള നടപടിക്രമവും തുക അടവാക്കിയ ചലാന്റെ വിശദാംശങ്ങളും റീഫണ്ട് അധികാരിയുടെ DDO കോഡും ഉൾപ്പെടെയുള്ള അപേക്ഷ ബന്ധപ്പെട്ട ട്രഷറിയിൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത അപേക്ഷയുടെ അടിസ്ഥാനത്തിൽ ട്രഷറിയിൽ നിന്നും ടി കാര്യാലയത്തിന്റെ BIMS-ൽ പ്രസ്തുത തുക ചേർത്ത് നൽകുന്നതും അപ്രകാരം റീഫണ്ട് അധികാരിക്ക് ബിൽ ജനറേറ്റ് ചെയ്യാവുന്നതുമാണ്. ടി ബിൽ ഇ-സബ്മിറ്റ് ചെയ്യേണ്ടതും physical copy ട്രഷറിയിൽ സമർപ്പിക്കുകയും ചെയ്യുന്ന മുറയ്ക്ക് തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത് നല്കുന്നതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ

I/68270/2023

V SAJAN
DIRECTOR

Directorate of Treasuries, Pattom, Pattom Palace. P.O, Thiruvananthapuram, Kerala 695004
Website: www.treasury.kerala.gov.in, Email:treasury@kerala.gov.in
Ph: 0471-2323963,2322712 , FAX:0471-2324229